229/Adl/18

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം**

**ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**

**ഹാജർ - ശ്രീ. പി. ആർ. സജികുമാർ**

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത ശ്രീ. പ്രശാന്ത് കെ.ബി, മൂന്നാംതരം ഓവർസിയർ, ബദിയടുക്ക ഗ്രാമപഞ്ചായത്ത്, കാസറഗോഡ് - നെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: -
1) 11.10.2017 - ലെ വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ, കാസറഗോഡ് - ന്റെ റിപ്പോർട്ട് നം. വിസി9/17/കെ.എസ്.ഡി
2) ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവുകൾ, തീയതി. 24.10.2017 & 09.03.2018
3) സർക്കാർ കത്ത് നം. 2/ഇ.ഡബ്ല്യു2/18/തസ്വഭവ, തീയതി. 30.06.2018

**ഉത്തരവ് നം. ഇ-20/13526/2017/സിഇ/തസ്വഭവ, തീയതി. 17.07.2018**

മേൽ പരാമർശം (1) പ്രകാരം ശ്രീ. പി ഹരിപ്രസാദ് S/o ശ്രീ. സുബ്ബണ്ണ റൈ, വയസ്സ് 35/17, പുത്രകള ഹൗസ്, ഏത്തടുക്ക, കുംബഡാജെ വില്ലേജ്, കാസറഗോഡ് എന്നിവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ അഴിമതി നിരോധന നിയമം 1988 - ലെ വകുപ്പ് 7 അനുസരിച്ച് വി.സി9/17/കെ.എസ്.ഡി ആയി 10.10.2017-ാം തീയതി ശ്രീ.പ്രശാന്ത് കെ.ബി, മൂന്നാംതരം ഓവർസിയറുടെ (ബദിയടുക്ക ഗ്രാമപഞ്ചായത്ത്) - ന്റെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, അന്നേ ദിവസം പരാതിക്കാരനിൽ നിന്നും 10,000/- രൂപ കൈക്കൂലി വാങ്ങിയതിന് ടിയാനെ അറസ്റ്റ് ചെയ്തിട്ടുള്ളതും, തുടർന്ന് 11.10.2017-ാം തീയതി ബഹു. തലശ്ശേരി വിജിലൻസ് കോടതിയുടെ ചുമതലയുള്ള ബഹു. കോഴിക്കോട് എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയിൽ ഹാജരാക്കിയ ടിയാനെ 25.10.2017-ാം തീയതി വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിക്കാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ടിയാനെ തലശ്ശേരി സബ് ജയിലിൽ പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീ. പ്രശാന്ത് കെ.ബി, മൂന്നാംതരം ഓവർസിയറെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും 24.10.2017 മുതൽ സസ്പെന്റ് ചെയ്ത് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. 25.05.2018 - ലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ കാസറഗോഡ് ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റി നൽകി സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുവാൻ സർക്കാർ സൂചന (3) പ്രകാരം ഈ കാര്യാലയത്തിന് നിർദ്ദേശം നൽകിയിരിക്കുന്നു. ആയതിനാൽ ടിയാനെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**ചീഫ് എഞ്ചിനീയർ**

പകർപ്പ്:

1. പ്രിൻസിപ്പൽ സെക്രട്ടറി (ആമുഖ കത്ത് സഹിതം)
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് കാര്യാലയം, കാസറഗോഡ്
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ്
4. അസിസ്റ്റന്റ് എഞ്ചിനീയർ, ബദിയടുക്ക ഗ്രാമപഞ്ചായത്ത്
5. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്), കാസറഗോഡ്
6. കരുതൽ ഫയൽ

എസ്.എ